LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ജില്ലയിലെ ടൂറിസം വികസനത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

91 [409] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ടൂറിസം വികസനത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഇനിയും എന്തെല്ലാം നടപടികളെടുക്കാൻ ഉദ്ദേശിക്കുന്നു;

(സി) പദ്ധതികൾ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ, ബി ആന്റ് സി) കാസർഗോഡ് ജില്ലയിൽ ടൂറിസം വികസനത്തിന് ഏതാനും പദ്ധതികൾ അനുവദിച്ചിട്ടുണ്ട്.

1. കാസർഗോഡ് ജില്ലയുടെ വിവിധ പ്രദേശങ്ങളിൽ 8 ജെട്ടികളുടെ നിർമ്മാണം.

2. ആയറ്റിക്കടവിൽ ബോട്ട് ജെട്ടിയുടെ വികസനം.

3. നീലേശ്വരത്ത് ഹൗസ്ബോട്ട് ടെർമിനലിന്റെ വികസനം (മൂന്നും കേന്ദ്ര പദ്ധതികൾ)

4. കട്ടംകടവ് റോഡിന്റെ വികസനം.

5. ചന്ദ്രഗിരി കോട്ട, പോവൽ കോട്ട, റിക്കാഡ് കോട്ട എന്നിവയുടെ സംരക്ഷണം.

ശബരിമലയിൽ പകർച്ചവ്യാധികൾ തടയാൻ നടപടി

92 [410] ശ്രീ. പി. ജെ. ജോയി:

ശ്രീമതി രാധാരാഘവൻ:

പ്രൊഫ. കെ. വി. തോമസ്:

ശ്രീമതി മാലേത്ത് സരളാദേവി:

ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ശബരിമലയിലെത്തിയ തീർത്ഥാടകർക്കോ, ക്ഷേത്രത്തിലെ കഴകക്കാർക്കോ ചിക്കൻപോക്സ് പിടിപെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം ചികിത്സകൾ അവർക്ക് ലഭ്യമാക്കി;

(സി) സന്നിധാനത്തിൽ ചിക്കൻപോക്സോ മറ്റു പകർച്ചവ്യാധികളോ പടർന്ന് പിടിക്കാതിരിക്കാൻ എന്തെല്ലാം നടപടികളെടുത്തുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. നാലുപേർക്ക് ചിക്കൻപോക്സ് പിടിപെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതിന്റെ ചികിത്സക്കായി ആവശ്യത്തിന് ഡോക്ടർമാരെയും പാരാമെഡിക്കൽ ജീവനക്കാരെയും സജ്ജീകരിച്ചിരുന്നു. ആവശ്യമായ ആന്റിബയോട്ടിക്സ്, സൈക്ലോവിറിൻ എന്നീ മരുന്നുകളും ലഭ്യമാക്കി.

(സി) പകർച്ചവ്യാധികൾ പകരാതിരിക്കാൻ രോഗിക്കൾക്കുവേണ്ട ചികിത്സ നൽകുകയും അവരെ മാറ്റി താമസിപ്പിക്കുകയും ചെയ്തു. കൂടാതെ രോഗ പ്രതിരോധ മാർഗ്ഗങ്ങളായ ഫോഗിംഗ്, സ്പ്രേയിംഗ്, ലോഷൻ തളിക്കൽ, കൊതുക് നശീകരണം, കുടിവെള്ളം ശുദ്ധീകരിക്കലും, ഹോട്ടൽ ഇൻസ്പെക്ഷൻ, വാട്ടർ സാമ്പിൾ കളക്ഷനും നടത്തി. വിവിധ ഭാഷകളിൽ ബോധവൽക്കരണം നടത്തുകയും ഹെൽത്ത് കാർഡ് വിതരണം ചെയ്യുകയും ചെയ്തു. ഒപ്പം മൃഗങ്ങളുടെയും മനുഷ്യരുടെയും വിസർജ്ജ്യങ്ങളും മറ്റും നീക്കം ചെയ്ത് പ്രത്യേക തരത്തിൽ കുഴിച്ചുമൂടുകയും ബ്ലീച്ചിംഗ് പൗഡർ, ഫിനോയിൽ എന്നിവ ഉപയോഗിച്ച് രോഗാണു വിമുക്തമാക്കുകയും ചെയ്തു. ഹെൽത്ത് ഇൻസ്പെക്ടർമാർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ, സന്നദ്ധ സേനാംഗങ്ങൾ, ആരോഗ്യ വകുപ്പുദ്യോഗസ്ഥർ തുടങ്ങിയവരുടെ നേതൃത്വത്തിൽ പരിസരപ്രദേശങ്ങളിലെ മാലിന്യങ്ങൾ നീക്കം ചെയ്യുകയും സംസ്ക്കരിക്കുകയും ചെയ്തിട്ടുണ്ട്.

ശബരിമല സീസണിൽ റോഡിന്റെ അറ്റകുറ്റപ്പണിയും നിർമ്മാണവും

93 [411] ശ്രീ. വി. ഡി. സതീശൻ:

,, ടി. യു. രാധാകൃഷ്ണൻ:

,, പ്രയാർ ഗോപാലകൃഷ്ണൻ:

,, എം. എ. ചന്ദ്രശേഖരൻ:

,, പി. ശങ്കരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് റോഡിന്റെ അറ്റകുറ്റപ്പണിക്കും നിർമ്മാണത്തിനുമായി 2003-04, 2004-05 എന്നീ സീസണുകളിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് പി.ഡബ്ലിയു.ഡി.-ക്ക് ഏതൊക്കെ റോഡുകൾക്ക് എത്ര തുക വീതം നൽകിയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡുകൾ ദേവസ്വം ബോർഡിന്റെ റോഡുകളാണോ;

(സി) അല്ലെങ്കിൽ അവ പണിയുന്നതിനുള്ള ചെലവ് ബോർഡ് വഹിക്കുന്നതെന്തിനെന്ന് വിശദീകരിക്കുമോ;

(ഡി) ഇവ ബോർഡിന്റെ റോഡുകളാണെങ്കിൽ അവയിൽ നിന്ന് ടോൾ പിരിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly